**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2055** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആർദ്രം പദ്ധതി ഒന്നാം ഘട്ടം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം ആലക്കോട് (തേർത്തല്ലി) എന്ന സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച് എം വഴി 20.82 ലക്ഷം രൂപ അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങളും, രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനവും ലാബ് സൗകര്യവും ലഭ്യമാക്കി നിലവിൽ സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരികയുമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്,ഒരു ലാബ്ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി രണ്ടാം ഘട്ടം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉദയഗിരി, ഉളിക്കൽ, ചെങ്ങളായി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തിരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിനായി ഉദയഗിരി, ഉളിക്കൽ എന്നീ സ്ഥാപനങ്ങളിൽ യഥാക്രമം 15.46 ലക്ഷം രൂപ, 29.86 ലക്ഷം രൂപ എൻ.എച്ച്.എം വഴി അനുവദിച്ചു. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും, ലാബ് സൗകര്യവും മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഉളിക്കൽ കുടുംബാരോഗ്യകേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് , ഒരു ലാബ് ടെക്നീഷ്യൻ തസ്തികകളും ഉദയഗിരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു ലാബ് |

| | | | |
|---|---|---|---|
| | | | ടെക്നീഷ്യൻ തസ്തികയും പുതിയതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ചെങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി എൻ.എച്ച്.എം വഴി 17.52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. . കൂടാതെ ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപ (അമ്പത് ലക്ഷം രൂപാ മാത്രം) എം.എൽ.എ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ ചുഴലി, എരുവശ്ശി, കുടിയാൻമല, ചന്ദനക്കാംപാറ, ആലക്കോട് (മണക്കടവ്), നടുവിൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15.50 ലക്ഷം രൂപ വീതം എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. കൂടാതെ കുടിയാൻമല പി എച്ച് സിയ്ക്ക് കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപ (അമ്പത് ലക്ഷം രൂപാ മാത്രം) എം.എൽ.എ ഫണ്ട് ആയി അനുവദിച്ചിട്ടുണ്ട്. ആലക്കോട് (മണക്കടവ്) പി.എച്ച്.സിയ്ക്ക് 2021-22 വർഷത്തെ എൻ എം എച്ച് (NHM) ആർ.ഒ.പി ഫണ്ട് വഴി കെട്ടിട നിർമ്മാണത്തിനായി 110. 89 ലക്ഷം (നൂറ്റിപത്ത് ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപാ മാത്രം) അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കോവിഡ് 19 പശ്ചാത്തലത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നിന്നും സാമൂഹി കാരോഗ്യ കേന്ദ്രം കൂട്ടുമുഖം എന്ന സ്ഥാപനത്തെയാണ്തിരഞ്ഞെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ